കേരള സർക്കാർ

# കുവപ്പടി ഗ്രാമപഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്
# 2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.ksad.kerala.gov.in
e-mail : doekm.ksad@kerala.gov.in

രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ഇകെഎം(പി.2)2042/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
ഇ-മെയിൽ :doekm.ksad@kerala.gov.in
തീയതി :08.12.2016

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുവപ്പടി ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം :കുവപ്പടി ഗ്രാമപഞ്ചായത്ത്-2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്-സംബന്ധിച്ച്-

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെല്ലാനം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്ത ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലേയും ഭാഗം 3 ലേയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).
ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)

പകർപ്പ്
1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
3. ഓഫീസ് പകർപ്പ്

നം.കെ.എസ്.എ.-ഇകെഎം(പി.2)2042/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
ഇ-മെയിൽ : doekm.ksad@kerala.gov.in
തീയതി :08.12.2016

## എറണാകുളം ജില്ലയിലെ കൂവപ്പടി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ കൂവപ്പടി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 15.11.2015 മുതൽ 15.11.2016 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 9 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. ഡി സുരേഷ് രാജു , ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.) |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 16.11.2016 മുതൽ 23.11.2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി. ടെസ്സി എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. ബിന്ദു സദാനന്ദൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ഷൈബി ഇ.ഡി., സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.സി. എം. നവാസ്, ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് | |
|---|---|---|---|
| പ്രസിഡന്റ് | ശ്രീ. പി വൈ പൗലോസ് | 1.4.2015 | 30.09.2015 |
| | അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | 1.10.2015 | 18.11.2015 |
| | ശ്രീമതി കുഞ്ഞുമോൾ തങ്കപ്പൻ | 19.11.2015 | 31.03.2016 |

| | | | |
|---|---|---|---|
| വൈസ് പ്രസിഡന്റ് | ശ്രീമതി കുഞ്ഞുമോൾ തങ്കപ്പൻ | 1.4.2015 | 30.09.2015 |
| | അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | 1.10.2015 | 18.11.2015 |
| | ശ്രീമതി സിന്ധു അരവിന്ദ് | 19.11.2015 | 31.03.2016 |

| | | | |
|---|---|---|---|
| സെക്രട്ടറി | ശ്രീ എം എ രാമൻകുട്ടി | 1.4.2015 | 31.3.2016 |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| കൃഷി ഓഫീസർ | പി ബി പ്രദീപ് | 01.04.2015 | 30.09.2015 |
| | അനിൽ എബ്രഹാം | 01.10.2015 | 05.11.2015 |
| | മാത്യു സെബാസ്റ്റ്യൻ | 06.11.2015 | 31.03.2016 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. കെ പി ആനന്ദ് | 1.4.2015 | 31.3.2016 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.വിക്ടർ ജെ ഫെർണാണ്ടസ് | 1.4.2015 | 31.03.2016 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി അന്നമ്മ വർഗീസ് | 1.4.2015 | 30.4.2015 |
| | ശ്രീമതി റീന പി.ടി | 1.5.2015 | 19.12.2015 |
| | ശ്രീമതി അന്നമ്മ വർഗീസ് | 20.12.2015 | 04.1.2016 |
| | ശ്രീമതി സീന | 05.1.2016 | 31.03.2016 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, കോടനാട് | ശ്രീ ബിനു കെ എൻ | 01.04.2015 | 31.03.2016 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, കുവപ്പടി | ശ്രീമതി ബേബി മോൾ | 01.04.2015 | 31.03.2016 |
| ഹെഡ്മിസ്ട്രസ്, ജി.എൽ.പി.എസ്, കുവപ്പടി | ശ്രീമതി ജെസ്സി മാനുവൽ | 1.4.2015 | 31.3.2016 |
| വെറ്ററിനറി സർജൻ | ഡോ.എൽദോ പി വർഗീസ് | 1.4.2015 | 31.03.2016 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി സഹീറ എം എ | 01.04.2015 | 31.03.2016 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി യമുന പി ബി | 1.4.2015 | 31.03.2016 |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി വി.ജെ. മേഴ്സി | 1.4.2015 | 30.04.2015 |
| | ശ്രീമതി മീന മാത്യു | 01.05.2015 | 18.08.2015 |
| | ശ്രീമതി എം.കെ ദീപകുമാരി | 19.08.2015 | 28.09.2015 |
| | ശ്രീ എസ് മനോജ് | 29.09.2015 | 31.03.2016 |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 | |

| | | | |
|---|---|---|---|
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ആഭ്യന്തരനിയന്ത്രണ സംവിധാനം | 1-9 | |
| 10 | ക്യാഷ് വെരിഫിക്കേഷൻ | 1-10 | |
| 11 | മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി | 1-11 | |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-12 | |
| | ഭാഗം 2 | | |
| 15 | സ്ഥാപന തൊഴിൽ നികുതി പിരിച്ചില്ല. നഷ്ടം 22500/- | 2-1 | |
| 16 | മൊബൈൽ ടവറുകളുടെ വസ്തു നികുതി പിരിച്ചിട്ടില്ല. | 2-2 | |
| 17 | ഡി & ഒ ലൈസൻസ് ഇല്ലാതെ ക്രമവിരുദ്ധമായി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 2-3 | |
| | ഭാഗം-3 | | |
| 18 | ഹെഡ് മിസ്ട്രസ് നടപ്പിലാക്കിയ പ്രോജക്ടുകൾ - അപാകതകൾ | 3-1 | |
| 19 | വെറ്റിനറി സർജൻ നടപ്പിലാക്കിയ പ്രോജക്ട് - അപാകതകൾ . | 3-2 | |
| 20 | ഇറിഗേഷന്റെ സ്ഥലത്ത് പഞ്ചായത്ത് നിർമ്മാണ പ്രവൃത്തികൾ നടത്തി | 3-3 | |
| 21 | പഞ്ചായത്തിന്റെ വെള്ളക്കരം കുടിശ്ശിക 72,27,356/- രൂപ | 3-4 | |
| 22 | ഇ.എം.എസ് ഭവന പദ്ധതി - ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല | 3-5 | |
| 23 | സെക്രട്ടറി നടപ്പാക്കിയ പദ്ധതിയിലെ അപാകത | 3-6 | |
| 24 | തെരുവ് വിളക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 3-7 | |
| 25 | വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം- അപേക്ഷ ഹാജരാക്കാത്തിനാൽ 30,000/-രൂപ തടസ്സപ്പെടുത്തുന്നു. | 3-8 | |
| | ഭാഗം 4 | | |
| 26 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 27 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 28 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 | |
| 29 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 30 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 31 | ഓഡിറ്റ് റിക്കവറി | 4-6 | |
| 32 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |

| | | | |
|---|---|---|---|
| 33 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 34 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| 35 | ഓഡിറ്റ് സർട്ടിഫിക്കറ്റ് 2015-16 | അനുബന്ധം.1 | |
| 36 | ബാലൻസ് ഷീറ്റ് 2015-16 | അനുബന്ധം.2 | |
| 37 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് 2015-16 | അനുബന്ധം.3 | |
| 38 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് 2015-16 | അനുബന്ധം.4 | |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015 -16 വർഷത്തെ ബജറ്റ് 23.03.2015 തീയതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചു. ബജറ്റും വാർഷിക കണക്കും തമ്മിലുള്ള വ്യത്യാസം താഴെ കൊടുക്കുന്നു:-

| | വരവ് (₹) | ചെലവ് (₹) |
|---|---|---|
| ബജറ്റ് പ്രകാരം | 11,23,80,224.00 | 11,48,17,114.00 |
| വാർഷിക കണക്ക് പ്രകാരം | 4,48,08,358.00 | 5,43,21,334.00 |
| വ്യത്യാസം | 6,75,71,866.00 | 6,04,95,780.00 |

ബജറ്റ് പ്രകാരമുള്ള വരവുചെലവുകളും യഥാർത്ഥ വരവുചെലവുകളും തമ്മിൽ അന്തരമുണ്ട്. ബജറ്റ് തയ്യാറാക്കുമ്പോൾ യാഥാർത്ഥ്യവുമായി ബന്ധപ്പെടുത്തി തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 08.07.2016 | -- | -- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | പരിശോധിച്ചതിൽ അപാകതയില്ല. |
|---|---|---|
| 2015-16 | 16.11.2016 | |

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

| വർഷം | 2015-16 |
|---|---|
| മുന്നിരിപ്പ് | 1,82,08,578.00 |
| വരവ് | 4,48,08,358.00 |
| ആകെ | 6,30,16,936.00 |
| ചെലവ് | 5,43,21,334.00 |
| നീക്കിയിരിപ്പ് | 86,95,602.00 |

ബാലൻസ് ഷീറ്റ് പ്രകാരം ഓഡിറ്റ് വർഷം പിരിച്ചെടുക്കുവാൻ ബാക്കിനിൽക്കുന്ന തുകകളുടെ വിവരം താഴെ ചേർക്കുന്നു.

| ഇനം | 2015-16 |
|---|---|
| വസ്തു നികുതി | 1,00,57,038 |

പഞ്ചായത്തിന് ലഭിക്കാനുള്ള എല്ലാ വരവുകളും കുടിശ്ശികയില്ലാതെ പിരിച്ചെടുക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത തുക | നീക്കി യിരിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട് – പൊതുവിഭാഗം | 3492532 | 10440285 | 13932817 | 13932817 | | 0 |
| - എസ്.സി. പി. | 2499519 | 4096341 | 6595860 | 5465714 | 1130146 | 0 |
| - ടി.എസ്. പി. | 19000 | 55000 | 74000 | 55000 | 19000 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 972768 | 1185836 | 2158604 | 1816239 | 342365 | 0 |
| സംരക്ഷണഗ്രാന്റ് നോൺ റോഡ് | 590560 | 2685303 | 3275863 | 3275863 | 0 | 0 |
| 13-ാംധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1377370 | 8494532 | 9871902 | 6690947 | 3180955 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 3671537 | 892868 | 4564405 | 3671537 | 892868 | 0 |
| എം.എൻ.ആർ. ഇ.ജി.എസ്. | 6 | 12016564 | 12016570 | 12011395 | 0 | 5175 |
| ബി ഫണ്ട് | 0 | 31868068 | 31868068 | 31868068 | 0 | 0 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 15-16 | 219 | 94667416 | 115 | 44209030 | 81 | 23 | 46.70 |

ഏറ്റെടുക്കുന്ന മുഴുവൻ പ്രോജക്ടുകളും അതാതു വർഷം തന്നെ പൂർത്തീകരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 5 | 5 | 2767000 | 2148404 | 77.64 |
| വെറ്ററിനറി സർജൻ | 7 | 7 | 4550000 | 4250000 | 93.41 |

| | | | | | |
|---|---|---|---|---|---|
| വി.ഇ.ഒ (കോടനാട്) | 7 | 5 | 3539000 | 2641715 | 74.65 |
| വി.ഇ.ഒ (കുവപ്പടി) | 2 | 2 | 597750 | 582350 | 97.42 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 10 | 5 | 7389100 | 3533906 | 47.83 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 2 | 2 | 650000 | 646000 | 99.38 |
| ഹോമിയോ – മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നടപ്പാക്കി | 1 | 1 | 200000 | 200000 | 100 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 6 | 4 | 1619940 | 1296504 | 80.03 |
| ഡയറി ഫാം ഇൻസ്ടക്ടർ | 1 | 1 | 350000 | 350000 | 100 |
| ഹെഡ് മാസ്റ്റർ ജി.എൽ.പി.എസ് | 6 | 3 | 1179000 | 1016243 | 86.19 |
| സെക്രട്ടറി | 21 | 11 | 7676286 | 4282334 | 55.79 |
| അസിസ്റ്റന്റ് സെക്രട്ടറി | 7 | 3 | 7516000 | 1124000 | 14.95 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 144 | 66 | 56633340 | 22137574 | 39.09 |
| ആകെ | 219 | 115 | 94667416 | 44209030 | 46.70 |

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് 2015-16 സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 13.98 ശതമാനം കുറവുണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 8468088 | 7543035 | (-)925053 | (-)10.92 |
| നികുതിയേതര വരവുകൾ | 2223922 | 1650736 | (-)573186 | (-)25.77 |
| മറ്റുവരവുകൾ | 125098 | 110790 | (-)14308 | (-)11.44 |
| ആകെ | 10817108 | 9304561 | (-)1512547 | (-)13.98 |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 56520 | 32 |
| കർഷകതൊഴിലാളി പെൻഷൻ | 5785650 | 787 |
| വിധവാപെൻഷൻ | 11310680 | 1255 |
| വാർദ്ധക്യകാല പെൻഷൻ | 10593480 | 2084 |
| ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 2976320 | 378 |
| 50 വയസ്സിനുമുകളിൽ പ്രായമായ അവിവാഹിതകൾക്കുള്ള ധനസഹായം | 682960 | 71 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 300000 | 10 |

# 1-9 ആഭ്യന്തര നിയന്ത്രണം

പൊതുജനങ്ങൾക്ക് യാതൊരുവിധ സൗകര്യങ്ങളുമേർപ്പെടുത്തിയിട്ടില്ല. ഒന്നാം നിലയിലാണ് ഓഫീസ് പ്രവർത്തിക്കുന്നത്. വൃദ്ധർക്കും രോഗികൾക്കും എത്തിപ്പെടുന്നതിന് വളരെയധികം ബുദ്ധിമുട്ടുണ്ട്.

# 1-10 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.11.2016 ന് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 13547/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

# 1-11 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| തൊഴിൽ കാർഡ് നൽകപ്പെട്ടവർ | | | | തൊഴിൽ ആവശ്യപ്പെട്ടവരുടെ എണ്ണം | തൊഴിൽ നൽകപ്പെട്ടവരുടെ എണ്ണം | സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ | | | | 100 ദിവസം തൊഴിൽ ലഭിച്ചവർ |
|---|---|---|---|---|---|---|---|---|---|---|
| പട്ടിക ജാതി | പട്ടിക വർഗ്ഗം | മറ്റുള്ളവർ | ആകെ | | | പട്ടിക ജാതി | പട്ടിക വർഗ്ഗം | മറ്റുള്ളവർ | ആകെ | |
| 432 | 0 | 4165 | 4597 | 2043 | 1822 | 8553 | 0 | 56122 | 64675 | 27 |

| | |
|---|---|
| സാങ്കേതികാനുമതി ലഭിച്ച ആകെ പ്രവൃത്തികൾ | 359 |
| പൂർത്തീകരിച്ച പ്രവൃത്തികൾ | 355 |

# 1-12 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| | തീയതി | | |
| പെർഫോമൻസ് ഓഡിറ്റ് | 21.10.2016 മുതൽ 22.10.2016 വരെ | 9/2016 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30.01.2014 മുതൽ 13.02.2014 വരെ | 2008-09 മുതൽ 2012-13 വരെ | 14.3.2014 |

# ഭാഗം-2

## വരവ്വ കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 സ്ഥാപന തൊഴിൽ നികുതി പിരിച്ചില്ല.

2015-16 വർഷത്തെ തൊഴിൽ നികുതി പിരിച്ചത് സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. തൊഴിൽ നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തൽ പൂർണ്ണമല്ല. ഓരോ സ്ഥാപന വിവരം സംബന്ധിച്ച ഇൻഡക്സ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

2. സ്ഥാപന തൊഴിൽ നികുതി പിരിച്ചത് സംബന്ധിച്ച് വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

3. ഗ്രാമ പഞ്ചായത്ത് പരിധിയിലെ കച്ചവട സ്ഥാപനങ്ങൾ,മറ്റിതര സ്ഥാപനങ്ങൾ സംബന്ധിച്ച ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല.

ഗ്രാമ പഞ്ചായത്തിലെ പ്രധാന വരുമാന സ്രോതസ്സുകളിൽ ഒന്നായ തൊഴിൽ നികുതി സംബന്ധിച്ച പിരിവിലും മറ്റ് രജിസ്റ്റർ പരിപാലിക്കുന്നതിലും അപാകതകൾ ഉണ്ട്.

2015-16 വർഷം ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി പിരിച്ചിട്ടില്ല.

| ക്രമ. നം | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | മാവേലി സ്റ്റോർ കുവപ്പടി | 2015-16 (full) |
| 2 | മിൽക്ക് സൊസൈറ്റി,ആലാട്ടുചിറ | ,, |
| 3 | മിൽക്ക് സൊസൈറ്റി, ഈസ്റ്റ് ഐമുറി | ,, |
| 4 | മിൽക്ക് സൊസൈറ്റി, കുവപ്പടി | ,, |
| 5 | നെടിയറ എക്സ്ട്രൂഷൻ | ,, |
| 6 | തോപ്പിൽ ആഗ്രോ ഫാം | ,, |
| 7 | ക്രിയേറ്റീവ് പ്ലൈബോർഡ്സ് | ,, |
| 8 | മുത്തൂറ്റ് ഫിൻ കോർപ്പ് | ,, |
| 9 | സപ്ലൈകോ സൂപ്പർമാർക്കറ്റ് കുവപ്പടി. | ,, |
| | ആകെ | |

ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങൾ സംബന്ധിച്ച് സ്ഥലപരിശോധന നടത്തി എല്ലാ സ്ഥാപനങ്ങളുടേയും സ്ഥാപന തൊഴിൽ നികുതി ഈടാക്കുവാൻ സെക്രട്ടറി നടപടി സ്വീകരിക്കേണ്ടതാണ്. 2015-16 വർഷം സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തത് ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-2 മൊബൈൽ ടവറുകളുടെ വസ്തു നികുതി പിരിച്ചിട്ടില്ല.

2015-16 വർഷം ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള മൊബൈൽ ടവറുകളുടെ വസ്തു നികുതി നിർണ്ണയം നടത്തുകയോ ആയത് പിരിക്കുകയോ ചെയ്തിട്ടില്ല. മൊബൈൽ ടവറുകളുടെ വസ്തു നികുതി നിർണ്ണയം നടത്തി പിരിച്ചെടുക്കേണ്ടതാണ്. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി 1

നൽകിയതിന് മറുപടി ലഭ്യമാക്കി. ഓഡിറ്റിന്റെ പരിശോധനയിൽ പഞ്ചായത്തിൽ ടെലികമ്മ്യൂണിക്കേഷൻ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടുണ്ട്. ഇത് പ്രകാരം പഞ്ചായത്തിൽ 10 ടവറുകൾ ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വസ്തു നികുതി ഒടുക്കുന്നത് സംബന്ധിച്ച് വിവരങ്ങൾ ഇല്ല. രജിസ്റ്റർ പ്രകാരം ലഭ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ടവറിന്റെ പേര്/വിലാസം | ടവർ നം. | വാർഡ്. |
|---|---|---|---|
| 1 | എയർസെൽ ഡിഷ്നെറ്റ് വയർലെസ് ലി. കടവന്ത്ര, കൊച്ചി | 1 | VII |
| 2 | ടവർ വിഷൻ ഇന്ത്യ (പ്രൈ)ലി.27/372 എ1,അറയ്ക്കൽ ആർക്കേഡ്, തൈക്കൂടം, വൈറ്റില | 2 | IV |
| 3 | ,, | 3 | XV |
| 4 | ഇൻഡസ് ടവേഴ്സ് ലി., എൻ.എച്ച്. ബൈപ്പാസ് 47, 7/568, കുണ്ടന്നൂർ മരട്. | 3 എ | XV |
| 5 | ഇൻഡസ് ടവേഴ്സ് ലി.VII/588, എസ്.എൽ വന്യ, മരട്, കുണ്ടന്നൂർ | 4 | VI |
| 6 | ഇൻഡസ് ടവേഴ്സ് ലി.VII/588, എസ്.എൽ വന്യ, മരട്, കുണ്ടന്നൂർ | 5 | XVII |
| 7 | ടാറ്റ ടെലികമ്മ്യൂണിക്കേഷൻസ്, കൊച്ചി. | 6 | IX |
| 8 | ഇൻഡസ് ടവേഴ്സ് ലി.XXXVII/1741,XXXVII/174-എൽ 1,8ാം നില, വങ്കാരത്ത് ടവേഴ്സ്, ബൈപ്പാസ്സ് ജങ്ഷൻ | 7 | IX |
| 9 | വോഡാ ഫോൺ എസ്സാർ സെല്ലുലാർ ലി.,മേത്തർസ്ക്വയർ ബിൽഡിംഗ്, നോർത്ത് റയിൽവെ സ്റ്റേഷന് എതിർവശം .കൊച്ചി. | 8 | V |
| 10 | ഐഡിയ സെല്ലുലാർ ലി.,വങ്കാരത്ത് ടവേഴ്സ് പാടിവട്ടം,കൊച്ചി. | 9 | XII |

രജിസ്റ്റർ പ്രകാരം മൊബൈൽ ടവറുകൾ സംബന്ധിച്ച് വിവരം ഉണ്ടായിട്ടും നാളിതുവരെയായി നികുതി പിരിക്കാത്തത് ഉത്തരവാദപ്പെട്ടവരുടെ വീഴ്ചയാണ്.
ഗ്രാമ പഞ്ചായത്തിന്റെ പരിധിയിലുള്ള മൊബൈൽ ടവറുകളുടെ വ്യക്തമായ വിവരം സ്ഥലപരിശോധന നടത്തി എടുക്കുവാനും മൊബൈൽ ടവർ പ്രവർത്തിച്ചത് മുതലുള്ള വസ്തു നികുതി നിർണ്ണയം നടത്തി പിരിച്ചെടുക്കാനും സെക്രട്ടറി അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 2-3 ഡി & ഒ ലൈസൻസ് ഇല്ലാതെ ക്രമവിരുദ്ധമായി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

കുവപ്പടി ഗ്രാമ പഞ്ചായത്തിലെ 2015-16 വർഷത്തെ ഡി & ഒ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 232 (1), 233 എ എന്നിവക്ക് വിരുദ്ധമായി താഴെ പറയുന്ന സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നതായി കാണുന്നു.

| ക്രമ നം. | രജിസ്റ്റർ പ്രകാരം ഉള്ള ക്രമ നം. | വാർഡ്/ കെട്ടിട നം. | പേര്/ സ്ഥാപനത്തിന്റെ പേര് | വ്യാപാരത്തിന്റെ സ്വഭാവം |
|---|---|---|---|---|
| 1 | 1 | VIII 969 A | എൻ പി ജോർജ്ജ് നമ്പ്യാട്ടുകുടി | അരി,ഉമി,തവിട് എന്നിവ നിർമ്മിക്കുന്നതിന് |

| | | | | |
|---|---|---|---|---|
| | | | അഗ്രോ മിൽസ് | |
| 2 | 2 | XVIII 491 B | ദീപക് ജോസ് നമ്പ്യാട്ടുകുടി | അരി,അരി ഉത്പന്നങ്ങളുടെ നിർമ്മാണം, വിതരണം |
| 3 | 3 | VIII 969 L | ഏലിയ പാപ്പച്ചൻ ആൻമേരി ഫ്ലവർ മിൽ | ആട്ട, റവ, അരി ഉൽപ്പന്നങ്ങൾ- നിർമ്മാണം, വിതരണം. |
| 4 | 5 | VIII 969 Q | റോബിൻ ജോർജ്ജ് ഡയമണ്ട് ഫുഡ് പ്രോഡക്ട്സ് | അരി,ഭക്ഷ്യോല്പന്നങ്ങൾ- നിർമ്മാണം, വിതരണം |
| 5 | 8 | VIII 969 A | എൻ പി ആന്റണി നമ്പ്യാട്ടുകുടി മോഡേൺ റൈസ് മിൽ | അരി,ഉമി,തവിട് എന്നിവ നിർമ്മിക്കുന്നതിന് |
| 6 | 7 | VIII 969 C | മാത്യു വർക്കി ജ്യൂട്ട് ബാഗ് ഇൻഡസ്ട്രീസ് | ജ്യൂട്ട്ബാഗ്, ക്ലോത്ത് എന്നിവയുടെ വ്യാപാരം |
| 7 | 6 | VIII 969 M | എൻ പി ആന്റണി പവിഴം ഹെൽത്തിയർ ഡയറ്റ് പ്രൈ. ലി. | ഭക്ഷ്യോൽപ്പന്നങ്ങളുടെ വിപണനം |
| 8 | 9 | VIII 981 A | ഷാജു പി ഫ്രാൻസിസ് സാജു എൻജിനിയറിംഗ് വർക്ക്സ് | റൈസ് മിൽ യൂണിറ്റുകളുടെ മെഷിനറി നിർമ്മാണം |
| 9 | | VIII 969 E | ഏലിയ പാപ്പച്ചൻ നമ്പ്യാട്ടുകുടി അഗ്രോ ഇൻഡസ്ട്രീസ് | മോഡേൺ റൈസ് മിൽ |
| 10 | 11 | VIII 969 G | സൂസൻ മാത്യു നമ്പ്യാട്ടുകുടി ഫുഡ് & സ്പൈസസ് | അരി,ഉമി,തവിട് എന്നിവ നിർമ്മിക്കുന്നതിന് |
| 11 | 12 | VIII 969 D | എൻ പി ജോർജ്ജ് സ്റ്റാർ ഫുഡ് ഇൻഡസ്ട്രീസ് | അവൽ, തവിട് എന്നിവയുടെ നിർമ്മാണം, വിൽപ്പന |
| 12 | 13 | VIII 969 O | ലിജി ആന്റണി നമ്പ്യാട്ടുകുടി ഹൗസ് റിയ അഗ്രോ ഇൻഡസ്ട്രീസ് | റവ,റവ ഉൽപ്പന്നങ്ങളുടെ നിർമ്മാണം, വിതരണം |
| 13 | 14 | VIII 969 F | ലിജി ആന്റണി ഗോഡ് വിൻ ഫുഡ് പ്രോഡക്ട്സ് | അരിപ്പൊടി, റൈസ് ഫ്ലേക്സ് എന്നിവയുടെ നിർമ്മാണം |

| | | | | |
|---|---|---|---|---|
| 14 | | XII 109 B | ജിജോ ജോർജ്ജ് നമ്പ്യാട്ടുകുടി | ടയർ പഞ്ചർ ഒട്ടിക്കൽ |
| 15 | 23 | XV 772 A | രതീഷ് കുമാർ രാജേശ്വരി ഭവൻ | ഭക്ഷ്യോൽപ്പന്നങ്ങളുടെ നിർമ്മാണം |
| 16 | 85 | XIV 454 B | എബിസൺ വർഗ്ഗീസ് മേക്കമാലിൽ പോളിമേഴ്സ് | |
| 17 | 212 | VIII 445 A | എം ഒ ജോസ് മൂത്തേടൻ ഹൗസ് നവോദയ പോളിമേഴ്സ് | പ്ലാസ്റ്റിക് മോൾഡിംഗ് യൂണിറ്റ് |
| 18 | 213 | VIII 559 A | എം ഒ ജോസ് മൂത്തേടൻ ഹൗസ് | പ്രിന്റിംഗ് പ്രസ്സ് |
| 19 | 368 | XVIII 505 | വി ഡി വിനോദ് വാലുതൊട്ടിയിൽ നിയോപ്ലാസ്റ്റ് ഇൻഡസ്ട്രീസ് | പ്ലാസ്റ്റിക് ഫിലിം റോൾ നിർമ്മാണം |
| 20 | 369 | XVII 506 | എൻ പി സാജു നെടുവേലിക്കുടി നിയോ പോളി പാക്ക് | പ്ലാസ്റ്റിക് ഫിലിം റോൾ പ്രിന്റിംഗ് |
| 21 | 405 | XIX 379 | തദേവൂസ് എം ജെ മടേക്കൽ, ആയത്തുപടി | ഇലക്ട്രിക്കൽ ഉപകരണങ്ങളുടെ വിൽപ്പന |
| 22 | 416 | V 8 | അജിത് കുമാർ കെ ബി കണിശംപറമ്പിൽ | ഡി റ്റി പി സെന്റർ |
| 23 | 417 | XIX 355 H | സാൽവിൻ ജോസ് ഉഈപ്പാൻ വീട് ബുക്ക് ഷോപ്പ് &പബ്ലിക്കേഷൻസ് | പുസ്തക വിൽപ്പന |

മേൽപ്പറഞ്ഞതിൽ പല യൂണിറ്റുകളും പ്രവർത്തിക്കണമെങ്കിൽ ഉയർന്ന എച്ച് പി യിലുള്ള മെഷിനറികൾ ആവശ്യമാണ് ഇത്രയും വിപുലമായ യൂണിറ്റുകൾ പഞ്ചായത്ത് പരിധിയിൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നത് ഗൗരവതരമാണ്. ക്രമ വിരുദ്ധമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ അടിയന്തിരമായി നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ഹെഡ് മിസ്ട്രസ് നടപ്പിലാക്കിയ പ്രോജക്ടുകൾ - അപാകതകൾ

2015-16 വർഷം കുവപ്പടി ഗ്രാമ പഞ്ചായത്തിൽ ഹെഡ് മിസ്ട്രസ് നടപ്പിലാക്കിയ പ്രോജക്ടുകളിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) ബാല സഭ

| | |
|---|---|
| പ്രോജക്ട് നം./പേര് | SO044/15/ബാലസഭ |
| ഫണ്ടിനം | തനത് ഫണ്ട് |
| ആകെ അടങ്കൽ | 25000/- |
| ആകെ ചെലവ് | 25000/- |
| ബിൽ നം/ചെക്ക്നം/തീയ്യതി. | ഇല്ല |

1.ഗ്രാമ പഞ്ചായത്തിലെ വിദ്യാർത്ഥികൾക്കായി 2015-16 വർഷം നടപ്പിലാക്കിയ ഈ പ്രോജക്ടിൽ കുട്ടികളെ തൃപ്പൂണിത്തുറ ഹിൽ പാലസ് മ്യൂസിയം കാണുന്നതിന് കൊണ്ടു പോവുകയാണ് ചെയ്തിട്ടുള്ളത്.

2. എത്ര കുട്ടികളെ പങ്കെടുപ്പിച്ചു എന്നത് സംബന്ധിച്ച വിവരം പ്രോജക്ട് ഫയലിൽ ഇല്ല.

3. പഞ്ചായത്ത് കമ്മിറ്റി തീരുമാനം ഫയലിനോടൊപ്പം ഇല്ല.

4. എത്ര സ്കൂളുകളെ പങ്കെടുപ്പിച്ചു എന്നതിന് രേഖയില്ല.

ബാല സഭ എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് വിദ്യാർത്ഥികളിൽ ജനാധിപത്യപരമായ പങ്കാളിത്തം മനസ്സിലാക്കി കൊടുക്കുന്നതിന് വേണ്ടിയുള്ള പഠന പ്രവർത്തനം നടത്തുക എന്നതാണ്. എന്നാൽ ഇതിൽ നിന്നും വ്യത്യസ്തമായ രീതിയിൽ പ്രോജക്ട് നടപ്പിലാക്കിയത് അപാകതയാണ്. ആയതിനാൽ പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പിലാക്കുമ്പോൾ ഇത്തരം അപാകതകൾ വരാതെ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

2). നിർഭയ പദ്ധതി

| | |
|---|---|
| പ്രോജക്ട് നം./പേര് | SO0238/16നിർഭയ പദ്ധതി |
| ഫണ്ടിനം | വികസന ഫണ്ട് |
| ആകെ അടങ്കൽ | 60000/- |
| ആകെ ചെലവ് | 60000/- |
| ബിൽ നം/ചെക്ക്നം /തീയതി. | 1.36000/-1/15-16 /15-12-2016<br>2.24000/-3/15-16/ 31-03-2016 |

1. പ്രോജക്ടിൽ എത്ര കുട്ടികളെ പങ്കെടുപ്പിച്ചു എന്നത് സംബന്ധിച്ച വിവരം ഇല്ല.

2. പ്രോജക്ടിന്റെ ഭാഗമായി നടപ്പിലാക്കിയ തൈക്കോണ്ടോ പരിശീലനം എത്ര വിദ്യാർത്ഥികൾക്ക് ലഭിച്ചു എന്നത് സംബന്ധിച്ച രേഖകൾ ഇല്ല.

3. പ്രോജക്ടിന് നിർവ്വഹണ ഉദ്യോഗസ്ഥയായ ഹെഡ്മിസ്ട്രസ് മോണിട്ടറിംഗ് നടത്തിയില്ല.

4. തൈക്കോണ്ടോ പരിശീലനം പൂർത്തിയാക്കിയത് സംബന്ധിച്ച് വിവരങ്ങൾ ഇല്ല.

5. എത്ര സ്കൂളുകളിൽ ഈ പ്രോജക്ട് നടപ്പിലാക്കി എന്നതിന് രേഖയില്ല.

ഗവൺമെന്റ് തലത്തിൽ വളരെ പ്രാധാന്യമുള്ള നിർഭയ പ്രോജക്ട് കാര്യക്ഷമമായി നടപ്പിലാക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്

## 3-2 <u>വെറ്ററിനറി സർജൻ നടപ്പിലാക്കിയ പ്രോജക്ട് - അപാകതകൾ .</u>

2015-16 വർഷം വെറ്ററിനറി സർജൻ നടപ്പിലാക്കിയ പ്രോജക്ടുകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1 തൊഴുത്ത് നിർമ്മാണം (വനിത)

| | |
|---|---|
| പ്രോജക്ട് പേര്/നം. | തൊഴുത്ത് നിർമ്മാണം (വനിത)/SO040/16 |
| ആകെ അടങ്കൽ | 600000/- |
| ചെലവ് | 400000/-(200000/- ഗുണഭോക്തൃവിഹിതം) |
| ബിൽ നം. | 08/15-16 15-03-16-40000/-<br>09/15-16 15-03-16-40000/-<br>15/15-16 26-03-16-50000/-<br>20/15-16 29-03-16-60000/-<br>14/15-16 19-03-16-10000/-<br>ആകെ -200000/- |

1 ചുവടെ ചേർക്കുന്ന ഗുണഭോക്താവിന് തൊഴുത്ത് നിർമ്മാണത്തിന് അനുകൂല്യം നൽകിയതിന് ഓവർസിയറുടെ വാല്യേഷൻ സർട്ടിഫിക്കറ്റ് ഇല്ല.
ജസ്സി ഐസക്,ഇലവുംകുടി,ആലാട്ടുചിറ പി.ഒ.(10000/-ചെക്ക് നം 151259-07-04-2016)
ആനുകൂല്യം നൽകുന്നതിന് വാല്യേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കാത്തത് നിർവ്വഹണ ഉദ്യോഗസ്ഥനായ വെറ്റിനറി സർജന്റെ അപാകതയാണ്. ഇത്തരം അപാകതകൾ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.
2.എസ്.സി.യുവതി യുവാക്കൾക്ക് ആട്ട വളർത്തൽ പദ്ധതി

| | |
|---|---|
| പ്രോജക്ട് പേര്/നം. | എസ്.സി.യുവതി യുവാക്കൾക്ക് ആട്ട വളർത്തൽ പദ്ധതി /SO0041/16 |
| ആകെ അടങ്കൽ | 600000 |
| ചെലവ് | 300000(1,50,000/- ഗുണഭോക്തൃവിഹിതം) |
| ബിൽ നം. | 13/15-16-19-03-16-25000/-<br>23/15-16-29-03-16-100000/-<br>17/15-16-26-03-16-25000/-<br>1,50,000/- |

2015-16 വർഷം എസ്.സി. യുവതി- യുവാക്കൾക്കായി നടപ്പിലാക്കിയ പ്രോജക്ടിൽ ആനുകൂല്യത്തിന് അർഹരാക്കുന്നതിനുള്ള രേഖയായ ജാതി സർട്ടിഫിക്കറ്റ് വാങ്ങി ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഗുണഭോക്താക്കളുടെ അപേക്ഷകൾ സ്വീകരിക്കുമ്പോൾ ബന്ധപ്പെട്ട രേഖകൾ വാങ്ങി ഫയലിനോടൊപ്പം സൂക്ഷിക്കേണ്ടതാണ്.

## 3-3 ഇറിഗേഷൻ വകുപ്പിന്റെ സ്ഥലത്ത് പഞ്ചായത്ത് നിർമ്മാണ പ്രവൃത്തികൾ നടത്തി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടത്തിയ താഴെപ്പറയുന്ന പ്രോജക്ടുകൾ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്തല്ല നടത്തിയിരിക്കുന്നത്.

| പേര് | പ്രോജക്ട് നമ്പർ | നികുതികളടക്കം ചെലവ് തുക |
|---|---|---|
| പിവിഐപി കനാൽ കലുങ്ക് നിർമ്മാണം വാർഡ് XI | എസ് 0112/15 | 296247 |
| പിവിഐപി കനാൽ ബണ്ട് സൈഡ് സംരക്ഷണം വാർഡ് XIV | എസ് 0156/16 | 897679 |
| കുറിച്ചിലക്കോട് - നടുവട്ടം ബ്രാഞ്ച് കനാൽ ബണ്ട് സുരക്ഷാ ഭിത്തി നിർമ്മാണം | എസ് ഒ 77/15 | 279308 |
| പിവിഐപി കനാൽ ബണ്ട് റോഡ് - ഡാൻസ് സ്കൂൾ പുനരുദ്ധാരണം | എസ് 0137/15 | 499953 |

ഇറിഗേഷൻ വകുപ്പിന്റെ കീഴിലുള്ള സ്ഥലത്താണ് ഈ നിർമ്മാണ പ്രവൃത്തികൾ നടത്തിയിരിക്കുന്നത്. ഈ വേലകൾ നടത്തുന്നതിന് പെരിയാർ വാലി ഇറിഗേഷൻ പ്രോജക്ട് ഡിവിഷൻ നമ്പർ 1 പെരുമ്പാവൂർ എക്സിക്യൂട്ടീവ് എഞ്ചിനീയർ നിരാക്ഷേപപത്രം നൽകിയിട്ടുണ്ട്. ഇതിൽ കനാൽബണ്ട് മേൽ ഡിപ്പാർട്ട്മെന്റിന് മാത്രം അവകാശപ്പെട്ടതായിരിക്കും. പഞ്ചായത്തിന്

യാതൊരു വിധ അവകാശവും ഉണ്ടായിരിക്കുന്നതല്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇറിഗേഷൻ വകുപ്പ് കൈവശം വച്ച് പരിപാലിച്ചുകൊണ്ടിരിക്കുന്ന, പഞ്ചായത്തിന് യാതൊരു അവകാശവുമില്ലാത്ത സ്ഥലത്ത് ഇപ്രകാരം പഞ്ചായത്ത് ഫണ്ട് ചെലവഴിച്ചത് ശരിയായ നടപടിയല്ല. ഇത് പഞ്ചായത്ത് ആസ്തികളിൽ ഉൾപ്പെടുത്താനും സാധിക്കില്ല.

## 3-4 പഞ്ചായത്തിന്റെ വെള്ളക്കരം കുടിശ്ശിക 72,27,356/- രൂപ

കുവപ്പടി ഗ്രാമ പഞ്ചായത്തിലെ പൊതു ടാപ്പുകളുടെ ആകെ എണ്ണം വാട്ടർ അതോറിറ്റി നൽകിയ ബിൽ പ്രകാരം 541 ആണ്. വെള്ളക്കരം 2015 ഏപ്രിൽ മുതൽ അടവാക്കിയിട്ടില്ല. 04.05.2015 ലെ 8 ാം നമ്പർ കമ്മിറ്റി തീരുമാന പ്രകാരം വെള്ളം വരാത്ത ടാപ്പുകൾ നീക്കം ചെയ്ത ശേഷം ബാക്കി വരുന്നവയ്ക്ക് മാത്രം തുക അടച്ചാൽ മതിയെന്ന് പഞ്ചായത്ത് നിലപാട് സ്വീകരിച്ചു. പ്രവർത്തന സജ്ജമായ പൊതു ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തവാൻ സംയുക്ത പരിശോധന നടത്തി 359 ആണെന്ന് കണ്ടെത്തിയെന്ന് പഞ്ചായത്ത് വിശദീകരിച്ചെങ്കിലും സംയുക്ത പരിശോധനയുടെ ഫയൽ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. 07.11.2016 ൽ വാട്ടർ അതോറിറ്റി നൽകിയ 3246 നമ്പർ ബില്ലിൽ 68,67,827/-രൂപ കുടിശ്ശികയും 1,22,841/-രൂപ പിഴപ്പലിശയും ഉൾപ്പെടെ 72,27,356/- രൂപയാണ് അടവാക്കാൻ ഉള്ളത്. സെക്രട്ടറിയുടെ 09.02.2016 ലെ എ-316/2016 നം. കത്തിൽ ജല അതോറിറ്റിയുടെ കണക്കിൽ 559 പൊതു ടാപ്പുകളാണ് ഉള്ളതെന്നും സംയുക്ത പരിശോധന നടത്തി പൊതു ടാപ്പുകളുടെ എണ്ണം 359 ആണെന്നും പഞ്ചായത്തിന് ബോധ്യപ്പെട്ടിട്ടുള്ളതിനാൽ 01.10.2008 മുതൽ 31.03.2013 വരെയുള്ള കാലയളവിൽ ജല അതോറിറ്റിക്ക് നൽകിയ അധിക തുക മടക്കി തരികയോ വാട്ടർ ചാർജ്ജ് കുടിശ്ശികയിൽ ക്രമപ്പെടുത്തി നൽകുകയോ ചെയ്യണമെന്ന് വാട്ടർ അതോറിറ്റിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

സംയുക്ത പരിശോധന നടത്തി ടാപ്പുകളുടെ എണ്ണം കൃത്യമായി കണക്കാക്കേണ്ടതാണെന്നും തനതു ഫണ്ട് വളരെ കുറവ് ആയതിനാൽ വൻ തുക അടക്കാൻ നിർവ്വാഹമില്ലെന്നും എ4- 8371/16 നമ്പർ ആയി പ്രസിഡന്റ് വാട്ടർ അതോറിറ്റിക്ക് കത്ത് നൽകിയിട്ടുള്ളതായി കാണുന്നു. ഇത്തരത്തിൽ വൻ തുക കുടിശ്ശികയായി തുടരുന്നത് ഒരു പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ആശാസ്യമല്ല. അവസാനം ലഭിച്ച ബില്ലിൽ തന്നെ 1,22,841/-രൂപ പിഴപ്പലിശ വന്നിട്ടുണ്ട്. വാട്ടർ അതോറിറ്റിയെ വിവരങ്ങൾ ബോദ്ധ്യപ്പെടുത്തി പിഴപ്പലിശ കൂടാതെ വെള്ളക്കരം കുടിശ്ശിക എത്രയും വേഗം അടവാക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 3-5 ഇ.എം.എസ് ഭവന പദ്ധതി - ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല

ഇ.എം.എസ് ഭവന നിർമ്മാണം പദ്ധതി പ്രകാരം ധനസഹായം നൽകിയെങ്കിലും താഴെ സൂചിപ്പിക്കുന്ന ഗുണഭോക്താക്കൾ നാളിതുവരെ പണി പൂർത്തീകരിച്ചിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

I. ഇ.എം.എസ് ഭവന പദ്ധതി (ജനറൽ)

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, മേൽ വിലാസം, നൽകാവുന്ന തുക | നൽകിയ ഗഡുക്കൾ | നൽകിയ തുക | നൽകാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| 1. | എം.ടി യോഹന്നാൻ , മണിയച്ചേരി, കുവപ്പടി, | 3 | 40,000/- | 35,000/- |

| | | | | |
|---|---|---|---|---|
| | വാർഡ് - 16 | | | |
| 2. | കെ.എ ബാബു, കോമത്തുരുത്ത്, കുവപ്പടി, വാർഡ് - 5 | 3 | 40,000/- | 35,000/- |
| 3. | കെ.വി വിജയൻ, കൊറ്റിക്കൽ, കുവപ്പടി, വാർഡ് - 12 | 2 | 60,000/- | 15,000/- |
| 4. | മേരി പൈലി, കൊളുത്തുവള്ളി കുവപ്പടി, വാർഡ് - 6 | 2 | 70,000/- | 5,000/- |
| 5. | റോസി റപ്പേൽ , മാവേലി കുവപ്പടി , വാർഡ് - 18 | 2 | 70,000/- | 5,000/- |
| 6. | ശശി കെ വി കാരാഞ്ചേരി കുവപ്പടി, വാർഡ് - 7 | 3 | 70,000/- | 5,000/- |
| 7. | പി എൻ ശശിധരൻ, പള്ളത്ത് കിഴക്കേ വീട്, കുവപ്പടി, വാർഡ് - 3 | 2 | 20,000/- | 55,000/- |
| 8. | ഐ.ആർ മുരളി, ഇല്ലിക്കാകുടി, കുവപ്പടി, വാർഡ് - 5 | 2 | 70,000/- | 5,000/- |
| 9. | കല്യാണി വേലായുധൻ, പടമാട്ടുങ്കൽ , കുവപ്പടി, വാർഡ് - 4 | 1 | 55,000/- | 20,000/- |
| 10. | അമ്മിണി, താഴത്തേക്കുടി കുവപ്പടി, വാർഡ് - 17 | 5 | 70,000/- | 5,000/- |
| 11. | ജാനകി ചന്ദ്രൻ, പെണക്കനാപ്പടി, കുവപ്പടി, വാർഡ് - 12 | 1 | 67,500/- | 7,500/- |
| 12. | ലോറൻസ് പി.ടി. പള്ളശ്ശേരി കുവപ്പടി, വാർഡ് - 4 | 2 | 67,500/- | 7,500/- |
| 13. | പ്രഭാകരൻ, പൊട്ടാശ്ശേരി, കുവപ്പടി, വാർഡ് - 4 | 1 | 67,500/- | 7,500/- |
| 14. | പൗലോസ് വർക്കി, പാറക്കാട്ടിൽ കുവപ്പടി,, വാർഡ് - 4 | 2 | 70,000/- | 5,000/- |
| 15. | ബാബു ടി എം, താണിച്ചുവട്ടിൽ, കുവപ്പടി, വാർഡ് - 2 | 1 | 60,000/- | 15,000/- |
| 16. | ശോശാമ്മ കുര്യാക്കോസ്, മനക്കക്കുടി, കുവപ്പടി, | 5 | 65000/- | 10,000/- |
| 17. | ഷിബു പി. പാറപ്പുറം, കുവപ്പടി, വാർഡ് - 17 | 2 | 65,000/- | 10,000/- |

| | | | | |
|---|---|---|---|---|
| 18. | സൗദാമിനിയമ്മ, രമണിമന്ദിരം, കുവപ്പടി, | 5 | 65,000/- | 10,000/- |
| 19. | വിനിത ഷാജു, പുന്നയ്ക്കൽ, കുവപ്പടി, വാർഡ് - 7 | 5 | 70,000/- | 5,000/- |
| 20. | സേവ്യർ ദേവസ്സി, തെക്കേമാലി, കുവപ്പടി, വാർഡ് - 20 | 5 | 67,500/- | 7,500/- |
| 21. | ആന്റണി ജോസഫ്, കുറുമ്പൻക്കുടി, കുവപ്പടി, വാർഡ് - 19 | 5 | 67,500/- | 7,500/- |
| 22. | ആന്റണി കെ സി, കളപ്പറമ്പിൽ, കുവപ്പടി, വാർഡ് - 19 | 5 | 67,500/- | 7,500/- |
| 23. | വർഗീസ് ടി ഒ, തോപ്പിലാൻ, കുവപ്പടി, വാർഡ് - 11 | 5 | 67,500/- | 7,500/- |
| 24. | ചന്ദ്രൻ, ഇളംപ്ലാക്കൽ, കുവപ്പടി, വാർഡ് - 17 | 5 | 67,500/- | 7,500/- |
| 25. | സലിം കെ എം, കളപ്പുരക്കൽ, കുവപ്പടി, വാർഡ് - 7 | 3 | 22,500/- | 52,500/- |
| 26. | മേരി ജോസഫ്, കുനത്താൻ, കുവപ്പടി, വാർഡ് - 17 | 5 | 67,500/- | 7,500/- |
| | ഇ.എം.എസ് ഭവന പദ്ധതി (എസ്.സി) | | | |
| 27. | സരസു മുരുകേശൻ, കണ്ണമ്പിള്ളി, കുവപ്പടി, വാർഡ് - 19 | 1 | 20,000/- | 80,000/- |
| 28. | കാളുകുറുമ്പൻ, മുല്ലപ്പിള്ളി, കുവപ്പടി, വാർഡ് - 8 | 5 | 90,000/- | 10,000/- |
| 29. | പൊന്നപ്പൻ, നരിമറ്റം, കുവപ്പടി, വാർഡ് - 20 | 5 | 95,000/- | 5,000/- |
| 30. | മോഹനൻ, നരിമറ്റം, കുവപ്പടി, വാർഡ് - 20 | 5 | 95,000/- | 5,000/- |

മേൽ പരാമർശിച്ച ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 3-6 സെക്രട്ടറി നടപ്പാക്കിയ പദ്ധതിയിലെ അപാകത

കുവപ്പടി ഗ്രാമപഞ്ചായത്തിൽ 2015-16 വർഷത്തിൽ സെക്രട്ടറി നടപ്പാക്കിയ പദ്ധതിയായ "പഞ്ചായത്ത് ഓഫീസ് കമ്പ്യൂട്ടർവത്ക്കരണം" (എസ്. 030/16) എന്ന പ്രോജക്ട് നടപ്പാക്കിയതിന്റെ ഭാഗമായി 6,42,100/- രൂപ ചെലവഴിച്ച് കെൽട്രോണിൽ നിന്ന് ഒരു യുപിഎസ്, ഒരു സർവർ

കമ്പ്യൂട്ടർ, അഞ്ച് ഡെസ്ക്ക് ടോപ്പ് കമ്പ്യൂട്ടർ, ഒരു ലാപ്പ് ടോപ്പ്, നാല് ലേസർ പ്രിന്റർ എന്നിവ പഞ്ചായത്തിലേക്ക് വാങ്ങിയിട്ടുണ്ട്. ഇതിൽ 1,39,800/- രൂപ ചെലവഴിച്ച് 31.07.2015 ൽ കെൽട്രോൺ സപ്ലൈ ചെയ്ത യു.പി.എസ് നാളിതുവരെ അതിന്റെ കവറിംഗ് പോലും പൊട്ടിക്കാതെ സൂക്ഷിച്ചിരിക്കുയാണ്. ഇത് സ്ഥാപിക്കുന്നതിനാവശ്യമായ ഇലക്ട്രിക്കൽ വയറിംഗ്, അനുബന്ധസൗകര്യങ്ങൾ എന്നിവ ഒരുക്കാത്തതു കൊണ്ടാണ് ഇപ്പോഴും ഇത് സ്ഥാപിക്കാത്തത് എന്നാണ് ഇത് സംബന്ധിച്ച അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞത്. 2014-15 പദ്ധതിയിൽ ഉൾപ്പെടുത്താതെയാണ് ഈ സാമഗ്രികൾ വാങ്ങിയത്. പിന്നീട് അടുത്ത സാമ്പത്തിക വർഷം (2015-16) ജില്ലാ ആസൂത്രണ സമിതിയുടെ സാധൂകരണം വാങ്ങിയാണ് പേയ്മെന്റ് നല്കിയിരിക്കുന്നത്.

ഇതു പോലെ 2015-16 വർഷത്തിൽ കെൽട്രോണിൽ നിന്ന് 2,20,000/- രൂപയുടെ 4 ഡെസ്ക്ക് ടോപ്പ് കമ്പ്യൂട്ടർ, ഒരു ലാപ്പ് ടോപ്പ് എന്നിവ വാങ്ങിയിട്ടുണ്ട്. എന്നാൽ 2015-16 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താതെ സാധനങ്ങൾ വാങ്ങിയതിനുശേഷം 2016-17 വർഷത്തിൽ സാധൂകരണം വാങ്ങുകയാണ് ചെയ്തിട്ടുള്ളത് (പ്രോജക്ട് നം. 115/17). എന്നാൽ നാളിതുവരെ കെൽട്രോണിന് ഈ പേയ്മെന്റ് നല്കിയിട്ടില്ല.

അടിയന്തിര സന്ദർഭങ്ങളിലല്ലാതെ വാർഷിക പദ്ധതിയിൽപ്പെടുത്താതെ ഒരു പ്രൊജക്ടും ചെയ്യാൻ പാടില്ല എന്നാണ് വികേന്ദ്രീകൃതാസൂത്രണ മാർഗ്ഗരേഖകളിലെ നിർദ്ദേശം എന്നിരിക്കെ, 2014-15, 2015-16 എന്നീ തുടർച്ചയായ വർഷങ്ങളിൽ അതത് വർഷത്തെ പദ്ധതിരേഖയിൽപ്പെടുത്തി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം വാങ്ങാതെ പർച്ചേയ്സ് നടപടികൾ ആരംഭിച്ചത് ആശാസ്യമായ പ്രവണതയല്ല.

പശ്ചാത്തലസൗകര്യങ്ങൾ ഒരുക്കാതെ, വാങ്ങിയ ഇലക്ട്രോണിക്സ്-ഇലക്ട്രിക്കൽ സാമഗ്രികൾ ദീർഘനാളായി ഉപയോഗിക്കാതെ വെച്ചിരിക്കുന്നത് അവയുടെ വാറന്റി/ഗ്യാരന്റി കാലാവധികൾ കഴിഞ്ഞുപോകാൻ ഇടയാക്കും. ഇതുമൂലം പിന്നീട് അവയുടെ മെയിന്റനൻസ് പഞ്ചായത്തിന് അധികബാദ്ധ്യതയായി തീരുന്നതിന് സാധ്യതയുണ്ട്.

പദ്ധതിപ്പണത്തിന്റെ സുതാര്യവും, കൃത്യവുമായ വിനിയോഗം ഉറപ്പുവരുത്തുന്നതിന് പദ്ധതി മാർഗ്ഗനിർദ്ദേശങ്ങളും, തദ്ദേശഭരണ സ്ഥാപനങ്ങൾക്കായുള്ള പ്രോക്യൂർമെന്റ് ചട്ടങ്ങളും കർശനമായി പാലിക്കേണ്ടതാണ്.

## 3-7 തെരുവ് വിളക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജായി 1,27,536/- രൂപയാണ് കെ എസ് ഇ ബി നൽകുന്ന ദ്വൈമാസ ബിൽ പ്രകാരം പഞ്ചായത്ത് അടവാക്കി വരുന്നത്. എന്നാൽ പഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ എണ്ണം ,ഇനം എന്നിവ രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിക്കുന്നില്ലാത്തതിനാൽ ശരിയായ താരിഫ് പ്രകാരം തന്നെയാണോ വൈദ്യുതി ചാർജ്ജ് കണക്കാക്കിയിരിക്കുന്നത് എന്ന് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. തെരുവ് വിളക്കുകൾക്ക് മീറ്റർ ഘടിപ്പിച്ചിട്ടില്ലാത്തതിനാൽ അവയുടെ എണ്ണം, ഇനം എന്നിവ ഉൾക്കൊള്ളുന്ന രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

## 3-8 വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം- അപേക്ഷ

## ഹാജരാക്കാത്തിനാൽ 30,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായ പദ്ധതിയിൽ അന്നമ്മ പൗലോസ് , പാറക്കൽ, ആലാട്ടുചിറ എന്ന വ്യക്തിക്ക് 18.12.2015 ൽ 30,000/- രൂപ അനുവദിച്ച് നൽകിയിട്ടുണ്ട് (ബിൽ നം. 12/15-16) . എന്നാൽ ടിയാളുടെ അപേക്ഷയും ബന്ധപ്പെട്ട രേഖകളും പരിശോധനക്ക് ഹാജരാക്കിയിരുന്നില്ല. ഇത് സംബന്ധിച്ച് 21.11.2016 ന് 4ാം നമ്പർ ആയി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ ലഭിക്കുന്ന 2 അപേക്ഷകളിൽ ഒന്ന് ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുള്ളതാണെന്നും ഓഫീസിൽ സൂക്ഷിച്ചിരിക്കുന്ന അപേക്ഷ പല തവണ ഓഫീസ് ഷിഫ്റ്റിംഗ് നടന്നതിനാൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലാത്തതാണെന്നും പഞ്ചായത്ത് വിശദീകരിക്കുകയും ടിയാളുടെ ഭർത്താവിന്റെ മരണ സർട്ടിഫിക്കറ്റിന്റെ പകർപ്പ് ഹാജരാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ വിവാഹം നടന്നതിന്റെ തെളിവുകളും അനുബന്ധ രേഖകളും ഓഡിറ്റിനു ഹാജരാക്കുന്നതുവരെ നൽകിയ തുകയായ 30,000/-രൂപ തടസ്സപ്പെടുത്തുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 300000 | ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ്(25/16) | 0 | 300000 |
| ജില്ലാ പഞ്ചായത്ത് | 2015-16 | 249270 | ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ്(25/16) | 249270 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി/ അനുവദിച്ച തുക | പിൻവലിച്ച വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി ഉണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | | | | | |
|---|---|---|---|---|---|---|
| ഇ.എം.എസ് ഭവന പദ്ധതി | സ.ഉ (സാധാ) നം 530/2010/ ത.സ്വ.ഭ.വ തീയതി 18.02.2010 1,75,00,000 | 77,57,500 | 21,72,818 | 14,53,000 | 0 | 7,19,818 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 5,00,000 |
| തൻവർഷം നിക്ഷേപിച്ച തുക | 56,808 |
| ആകെ | 5,56,808 |
| തന്നാണ്ടിൽ പിൻവലിച്ച തുക | --- |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 5,56,808 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം, |
|---|---|---|
| ചേരാനല്ലൂർ സർവീസ് സഹകരണ ബാങ്ക്, ഇടവൂർ ശാഖ | 5,56,808 | 5273/11.8.2015 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻ വർഷത്തിൽ വരവില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 52 | 2002-03 | VII. 7. 3(i) | ഗ്രാമീണ ഇൻഷ്വറൻസ് പദ്ധതി-അധിക പ്രീമിയം ഈടാക്കി | തീർപ്പാക്കിയില്ല |
| 1999-00 | 5 | 2004-05 | III.7.(1)10 | ചൂടാറാപ്പെട്ടി വിതരണം-ഉത്തരവിന് വിരുദ്ധം | തീർപ്പാക്കിയില്ല |
| 2000-01 | 3.7 | 2005-06 | II.7.(36)1 | വോട്ടർ പട്ടിക അച്ചടിയ്ക്ക് അധിക തുക നൽകിയതുമൂലം നഷ്ടം | തീർപ്പാക്കിയില്ല |
| 2002-03 | 3.1 | 2006-07 | III.39.2(2) | 6,52,232 രൂപ ചെലവഴിച്ച കടിവെള്ള,ജലസേചന | തീർപ്പാക്കിയില്ല |

| | | | | | |
|---|---|---|---|---|---|
| | | | | പദ്ധതികൾ ലക്ഷ്യം കൈവരിച്ചില്ല | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 4,48,08,358 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,43,21,334 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | --- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 30,000 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-8 | 30,000 | ശ്രീ. എം.എ രാമൻകുട്ടി, സെക്രട്ടറി |
| ആകെ | 30,000 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. എം.എ രാമൻകുട്ടി, സെക്രട്ടറി | സെക്രട്ടറി, പാറക്കടവ് ഗ്രാമപഞ്ചായത്ത് | മണ്ണേലി വീട്, മുരിങ്ങൂർ പി.ഒ. തൃശ്ശൂർ ജില്ല. |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1995-96 | എൽ എഫ് ഇ (പി2)1205/03,തീ.7-12-03 | |
| 1996-97 | എൽ എഫ് ഇ (പി2)256/97,തീ.9-3-98 | |

| | | |
|---|---|---|
| 1997-98 | എൽ എഫ് ഇ (പി2)228/00,തീ.22-9-00 | |
| 1998-99 | എൽഎഫ് ഇ (പി2)984/01,തീ. 30-3-12 | |
| 1999-00 | എൽ എഫ്ഇ(പി2)623/04,തീ.1-11-2004 | |
| 2000-01 | എൽഎഫ്ഇ(പി2)608/05,തീ.28-12-2005 | |
| 2002-03 | എൽഎഫ്ഇ(പി2)1116/06,തീ.09-03-07 | |
| 2003-04 | എൽഎഫ്ഇ(പി2)299/10,തീ.19-7-11/ 14-10-11 | |
| 2004-05 | എൽ എഫ് ഇ (പി2)300/10,തീ. 19-7-11/ 14-10-11 | |
| 2005-06 | എൽ എഫ് ഇ (പി2)301/10,തീ. 19-7-11/ 14-10-11 | |
| 2006-07 | എൽ എഫ് ഇ (പി2)1725/07,തീ. 4-8-08/ 3-10-08 | |
| 2007-08 | എൽ എഫ് ഇ (പി2)30210തീ. 19-7-11/ 14-10-11 | |
| 2008-09, 2009-10, 2010-11 | എൽ എഫ് ഇ (പി2)2083/12, 14-12-12/ 1-2-13 | |
| 2011-12, 2012-13 | എൽ എഫ് ഇ (പി2)724/14, തീ. 26-6-2014/ 11-09-2014 | |
| 2013-14, 2014-15 | കെ.എസ്.എ ഇ.കെ.എം (പി2)26/16 തിയതി 12.1.2016 | |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)

# <u>അനുബന്ധം - 1</u>

## <u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

നം.കെ.എസ്.എ.ഇകെഎം(പി.2)2042/2016 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
ഇ-മെയിൽ : lfadekm@gmail.com
തീയതി :08.12.2016

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4,കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിങ്ങ് സ്റ്റാന്റേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ കുവപ്പടി ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കുവപ്പടി ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)

AUDIT CERTIFICATE

No.K.S.A.-EKM($P_2$)2042/2016

Kerala State Audit Department
District Audit Office, Ernakulam,
Civil Station, Kakkanad -682030
Phone : 0484 2422271,
E-mail : lfadekm@gmail.com
Dated: 08.12.2016

Certified that I have audited the Annual Financial Statement of **Koovappady** Grama panchayat in Ernakulam district for the year ended on 31.3.2016 in accordance with Section 4 of Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the rules made thereunder and the guidelines issued by Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of **Koovappady** Grama panchayat for the year 2015-16 except the observations in my audit report properly presents the picture of income and expenditure.

Deputy Director(H.G.)